3.	അകത്തുമുറിതെക്ക് സിവിസിഎസ് 303	88,000 രൂപ
4.	കടയ്ക്കാവൂർ ചോളച്ചിറ റ്റി.619	10,000 രൂപ
5.	അകത്തുമുറി സിവിസിഎസ് 339	80,000 രൂപ
6.	കുഴിയം സിവിസിഎസ് റ്റി.620	80,000 രൂപ
7.	കരിച്ചാറ സിവിസിഎസ്.റ്റി.530	1,20,000 രൂപ
8.	വക്കം കിഴക്ക് സിവിസിഎസ് റ്റി. 87	70,000 രൂപ
9.	കരുനിലക്കോട് സിവിസിഎസ് 492	80,000 രൂപ
10.	വെട്ടൂർ സിവിസിഎസ്. 535	80,000 രൂപ
11.	കൊട്ടറക്കരി സിവിസിഎസ്. 380	90,000 രൂപ
12.	കവലയൂർ സിവിസിഎസ് 126	1,20,000 രൂപ
13.	കോളിച്ചിറ സിവിസിഎസ് 737	85,000 രൂപ
14.	കഠിനംകുളം സിവിസിഎസ് 254	70,000 രൂപ
15.	പാറയിൽ സിവിസിഎസ് 402	65,000 രൂപ
16.	പൂമത്തുമൂല സിവിസിഎസ് 896	70,000 രൂപ
17.	കാപ്പിൽ സിവിസിഎസ് 352	82,000 രൂപ

(സി) കഴിഞ്ഞ മൂന്നുവർഷത്തെ പ്രവർത്തന മികവ്, പദ്ധതിയാനുകൂല്യം പ്രയോജനപ്പെടുത്തി പുതിയതായി സൃഷ്ടിക്കുന്ന തൊഴിൽദിനങ്ങൾ, പരിശീലനത്തിന്റെ ആവശ്യകത, മറ്റു പശ്ചാത്തല സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സംഘങ്ങളെ തെരഞ്ഞെടുത്തത്. കയർ പ്രോജക്ട് ഓഫീസർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതിയാണ് സംഘങ്ങളെ തെരഞ്ഞെടുത്തത്.

(ഡി) കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏറ്റവും അർഹതയുള്ള സംഘങ്ങൾക്കാണ് ധനസഹായം നൽകിയത്. ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് എല്ലാ സംഘങ്ങൾക്കും ധനസഹായം നൽകാൻ കഴിയാത്തത്.

114 (616) പിറവം ഗ്രാമപഞ്ചായത്തിലെ പണാപഹരണം

<u>ശ്രീ. ടി.എം. ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് നടന്നതായി പറയപ്പെടുന്ന പണാപഹരണത്തെക്കുറിച്ച് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) ഈ സംഭവത്തെ സംബന്ധിച്ച് ഇതുവരെ ആരെല്ലാമാണ് അന്വേഷണം നടത്തിയത്;

(സി) പഞ്ചായത്തിലെ ഏതെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരെയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്;

(ഡി) എത്ര തുക അപഹരിച്ചിട്ടുണ്ട് എന്നാണ് സർക്കാരിന് ഇതുവരെ ലഭിച്ചിട്ടുള്ള വിവരങ്ങൾ;

(ഇ) ഇതു സംബന്ധിച്ച് ആരുടെയെല്ലാം പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്; അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 1996 മേയ് മാസം മുതൽ 1999 മേയ് മാസം വരെ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച സെക്രട്ടറിമാർ ആരെല്ലാമാണ്; ഓരോരുത്തരും എത്ര മാസം വീതം പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്;

(ജി) ഈ കേസിന്റെ വ്യാപ്തി കണക്കിലെടുത്ത് പോലീസ് വിജിലൻസ് ഡിപ്പാർട്ടുമെന്റ് കേസ് അന്വേഷിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് ആവശ്യപ്പെട്ടത്;

(എച്ച്) ഇതിന്മേൽ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിജിലൻസ് വിഭാഗത്തെക്കൊണ്ട് അന്വേഷണം നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെയും രണ്ട് യു.ഡി. ക്ലാർക്കുമാരെയും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) 1. പിറവം ലോക്കൽ പോലീസ്
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.

(സി) 1. ശ്രീ. സി.എ. ഗോപീകൃഷ്ണൻ, സെക്രട്ടറി
2. ശ്രീ. ജേക്കബ്. എം. തുണ്ടാൻ, യു.ഡി. ക്ലാർക്ക്
3. ശ്രീ. എ.കെ. ജയപ്രകാശ്, യു.ഡി. ക്ലാർക്ക്

(ഡി) പ്രാഥമിക അന്വേഷണത്തിൽ ഏകദേശം 4466582 രൂപയോളം അപഹരിക്കുകയോ ദുർവിനിയോഗം ചെയ്യുകയോ ചെയ്തതായി കണ്ടിട്ടുണ്ട്. വിശദമായ അന്വേഷണം വഴിയെ യഥാർത്ഥ തുക കണ്ടെത്താൻ കഴിയുകയുള്ളൂ.

(ഇ) പിറവം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പൗലോസ്, നിയമസഭാംഗം ശ്രീ. ടി.എം. ജേക്കബ് എന്നിവരിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് അന്വേഷണത്തിന് നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) 1. ശ്രീ. എം. ബാലകൃഷ്ണൻ-22.2.1996 മുതൽ 5.7.1996 വരെ
2. ശ്രീ. പി.കെ. ശിവൻ (അഡീഷണൽ ചാർജ്ജ്) 6.7.1996 മുതൽ 15.7.1996 വരെ
3. ശ്രീ. കെ. രാജേന്ദ്രൻ, 15.7.1996 മുതൽ 28.9.1996 വരെ
4. ശ്രീ. എം.പി. വിശ്വനാഥൻ (ജൂനിയർ സൂപ്രണ്ട്, അഡീഷണൽ ചാർജ്ജ്) 28.9.1996 മുതൽ 6.1.1997 വരെ
5. ശ്രീ. സി. ജോൺ, 6.1.1997 മുതൽ 4.8.1997 വരെ
6. ശ്രീ. പി.കെ. ശിവൻ (അഡീഷണൽ ചാർജ്ജ്) 4.8.1997 മുതൽ 3.9.1997 വരെ
7. ശ്രീ. സി.എ. ഗോപീകൃഷ്ണൻ, 3.9.1997 മുതൽ 15.1.1999 വരെ
8. ശ്രീമതി ടി.എം. രാധാമണി, 29.1.1999 മുതൽ 3.3.1999 വരെ
9. ശ്രീ. ടി.പി. വിൻസന്റ്, 3.3.1999 മുതൽ 25.5.1999 വരെ
10. ശ്രീ. ബി. കൃഷ്ണകുമാർ, 25.5.1999 മുതൽ 14.6.1999 വരെ

(ജി) ആവശ്യപ്പെട്ടിട്ടുണ്ട്; 24.2.1999, 3.5.1999 എന്നീ തീയതികളിൽ പഞ്ചായത്ത് ഡയറക്ടറിൽ നിന്നും നിർദ്ദേശം സർക്കാരിനു ലഭിച്ചിട്ടുണ്ട്.

(എച്ച്) വിജിലൻസ് അന്വേഷണത്തിന് നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly